# 14.07.2022 തീയതിയിൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് സമൃദ്ധി ഹാളിൽ വച്ച് നടന്ന സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം 10.30-ന് ആരംഭിച്ചു. സംസ്ഥാന ആസൂത്രണബോർഡ് മെമ്പർ കൂടിയായ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാൻ ഡോ.ജിജു.പി.അലക്സ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കാളിത്തം അനുബന്ധമായി ചേർത്തിട്ടുണ്ട്. എസ്.ആർ.ജി കൺവീനർ ശ്രീ. എസ്.ആർ. സനൽകുമാർ യോഗത്തിൽ സ്വാഗതം ആശംസിച്ചു. യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്യേണ്ട വിഷയങ്ങൾ സംബന്ധിച്ച് അദ്ധ്യക്ഷൻ ആമുഖാവതരണം നടത്തുകയുണ്ടായി.

1. പ്രവർത്തന റിപ്പോർട്ട്
2. അടിയന്തിരമായി നിർവഹിക്കേണ്ട പ്രവർത്തികൾ
    - വികസന ഫണ്ട് വിഹിതം പുതുക്കി നിശ്ചയിക്കൽ
    - ആസ്തി രജിസ്റ്റർ കാലികമാക്കൽ
    - എ.ബി.സി. പരിപാടി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ
    - പതിനഞ്ചാം ധനകാര്യകമ്മീഷൻ അനുവദിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ
    - കൺസൾട്ടൻസി സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ
    - സ്വകാര്യ പങ്കാളിത്ത പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ
    - ഭൗതികനേട്ടങ്ങൾ ശേഖരിക്കുന്നതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തൽ
    - മെയിന്റനൻസ് ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് ഇതുവരെ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ
    - സംരംഭകത്വ പ്രോത്സാഹനം - മാതൃകാ പ്രോജക്ടുകളുടെ സമാഹാരം തയ്യാറാക്കൽ
3. പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ
    - ഗുണഭോക്തൃ തെരഞ്ഞെടുപ്പ്
    - പ്രോജക്ട് വെറ്റിംഗ്/സാങ്കേതികാനുമതി
4. ജില്ലാ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ
5. മറ്റ് വിഷയങ്ങൾ

## 1) പ്രവർത്തന റിപ്പോർട്ട്

എസ്.ആർ.ജി. കൺവീനർ ശ്രീ.എസ്.ആർ. സനൽ കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

- എസ്.ആർ.ജി.യുടെ ആദ്യയോഗം 14.12.2021-ന് ചേർന്നിരുന്നു.

- പദ്ധതി ആസൂത്രണ - സബ്സിഡി മാർഗ്ഗരേഖ രൂപീകരണത്തിന്റെ ആദ്യഘട്ടമായി വിവിധ വകുപ്പുകളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചു.

- വകുപ്പുകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കിലയിൽ ഡിസംബർ 19,20 തീയതികളിൽ ശില്പശാല സംഘടിപ്പിച്ച് വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥരെയും അസോസിയേഷനുകളുടെ പ്രതിനിധികളെയും എല്ലാ ജില്ലാതല ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് അഭിപ്രായ രൂപീകരണം നടത്തി.

- വിവിധ വകുപ്പ് പ്രതിനിധികളുമായി വീണ്ടും ചർച്ച നടത്തി.

- വിവിധ തലങ്ങളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ അസോസിയേഷനുകളുടെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള കരട് മാർഗ്ഗരേഖ തയ്യാറാക്കി. ഇപ്രകാരം തയ്യാറാക്കിയ കരട് മാർഗരേഖ മന്ത്രിയുടെ ഓഫീസുമായി ചർച്ച ചെയ്ത് പരിഷ്കരിച്ച ശേഷം കരട് മാർഗരേഖ തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ മാർച്ച് 9-ന് പ്രസിദ്ധീകരിച്ചു. തുടർന്ന് ലഭിച്ച നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച കരട് മാർഗരേഖ പ്ലാനിംഗ് ബോർഡ് മെമ്പർമാർ, ഡിവിഷൻ ചീഫുമാർ എന്നിവരുമായി ചർച്ച ചെയ്തു. തുടർന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് ആസൂത്രണ മാർഗരേഖകൾ അന്തിമമാക്കി ഉത്തരവുകൾ 19.04.2022 ന് പുറപ്പെടുവിച്ചു.

- സബ്സിഡി മാനദണ്ഡങ്ങൾ ആസൂത്രണ മാർഗ്ഗരേഖകൾക്ക് അനുസൃതമായ മാറ്റങ്ങൾ വരുത്തി. വിവിധ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സബ്സിഡി മാനദണ്ഡങ്ങൾ പരിഷ്കരിച്ച് കരട് മാർഗ്ഗരേഖ തയ്യാറാക്കി. അത് തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുമായും മന്ത്രിയുടെ ഓഫീസുമായും ചർച്ച ചെയ്ത് പരിഷ്കരിച്ചു. 28.05.2022 ൽ സബ്സിഡി മാർഗരേഖ ഉത്തരവായി പുറപ്പെടുവിച്ചു.

ഈ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതിന് മുൻപായി താഴെപ്പറയുന്ന ഉത്തരവുകൾ ഇറക്കുന്നതിന് എസ്.ആർ.ജി നേതൃത്വം നൽകി.

i. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ ഡിസംബർ 31-ന് പുറപ്പെടുവിച്ചു.

ii. 2022-23 വാർഷിക പദ്ധതിയിലെ ആദ്യഘട്ട പ്രോജക്ടുകൾ എന്ന നിലയ്ക്ക് അനിവാര്യ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

**<u>പരിശീലനങ്ങൾ</u>**

- ആസൂത്രണ മാർഗരേഖ സംബന്ധിച്ച് വിവിധ തലത്തിലുള്ള പരിശീലനം കിലയുമായി ചേർന്ന് സംഘടിപ്പിച്ചു.

- പദ്ധതി രൂപീകരണം - സ്റ്റാറ്റസ് റിപ്പോർട്ട്, വികസനരേഖ എന്നിവ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പരിശീലനം, പരിശീലക പരിശീലനം ജനുവരി 27-ന് നടന്നു.

- പദ്ധതി ആസൂത്രണം സംബന്ധിച്ച് ശില്പശാല ജില്ലാതലത്തിൽ നടത്തി, പരിശീലക പരിശീലനം കിലയിൽ നടന്നു.

- 07.06.2022 ന് സബ്സിഡി മാർഗരേഖയുടെ പരിശീലക പരിശീലനം ഓൺലൈനായി നടന്നു.

- ജൂൺ 21-22, 23-24 തീയതികളിൽ ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്ക് രണ്ടു ബാച്ചുകളിലായി തിരുവനന്തപുരത്ത് വച്ച് റസിഡൻഷ്യൽ പരിശീലനം നടത്തി. ജില്ലാ ആസൂത്രണസമിതിയുടെ അധികാരങ്ങൾ സംബന്ധിച്ചും, മാർഗരേഖ സംബന്ധിച്ചും, ഡി.പി.സി അംഗങ്ങൾക്ക് പരിശീലനം നൽകി.

- മാർഗരേഖയ്ക്ക് അനുസരണമായി സുലേഖ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിന് ഐ.കെ.എം മായി ചർച്ച നടത്തി. സോഫ്റ്റ് വെയർ ഡെവലപ്മെന്റ് ടീമുമായും മീറ്റിംഗ് നടത്തി.

- ഭൗതികനേട്ടം സുലേഖ സോഫ്റ്റ് വെയറിൽ കൃത്യമായി രേഖപ്പെടുത്തുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനം ഉണ്ടായതിനെ തുടർന്ന് ഐ.കെ.എം മായി രണ്ടു ഘട്ടങ്ങളായി ചർച്ച നടത്തി.

- അതിദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ കരട് മാർഗരേഖ പദ്ധതിയുടെ നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ തയ്യാറാക്കിയിരുന്നു. തുടർന്ന് ഇത് പരിഷ്കരിച്ച് അന്തിമമാക്കുന്ന പ്രക്രിയയിൽ എസ്.ആർ.ജി മെമ്പർമാരും പങ്കെടുത്തു.

- പ്രാദേശിക സാമ്പത്തിക വികസന മാർഗരേഖ തയ്യാറാക്കുന്നതിനുള്ള കുടുംബശ്രീയുടെ പ്രവർത്തനത്തിൽ എസ്.ആർ.ജി.യും വിവിധ ഘട്ടങ്ങളിൽ പങ്കാളിയായി.

- കഴിഞ്ഞ സാമ്പത്തിക വർഷം കോഓർഡിനേഷനൻ കമ്മിറ്റിയുടെ 4 യോഗങ്ങൾ ചേർന്നു. 2022-23 സാമ്പത്തിക വർഷത്തിൽ 02.06.2022-ന് കോഓർഡിനേഷൻ കമ്മിറ്റി യോഗം ചേർന്നു. അടുത്ത യോഗം 26.07.2022 ന് ചേരുന്നതാണ്.

- ഈ കാലയളവിൽ നിയമസഭാ ചോദ്യങ്ങൾ, സബ്മിഷനുകൾ,റിപ്പോർട്ടുകൾ തുടങ്ങിയവയ്ക്ക് മറുപടി തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ സർക്കാരിന് നൽകി.

- പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ - 941 ഗ്രാമപഞ്ചായത്തുകളിൽ 71 എണ്ണം വാർഷിക പദ്ധതി സമർപ്പിച്ചു. 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 2 എണ്ണം വാർഷിക പദ്ധതി സമർപ്പിച്ചു.

- എസ്.ആർ.ജി ചെയർമാൻ നേരിട്ട് 12 ജില്ലകളിൽ ജില്ലാ ആസൂത്രണസമിതി അംഗങ്ങളോടും ജില്ലാ പഞ്ചായത്ത് അംഗങ്ങളോടും സംവദിക്കുകയും അതിലൂടെ പുതിയ ആശയങ്ങൾ അവരിലേയ്ക്ക് എത്തിക്കാനും കഴിഞ്ഞു.

നേരത്തെ സൂചിപ്പിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഏപ്രിൽ 1 മുതൽ പദ്ധതി നിർവഹണം തുടങ്ങാൻ അവസരം നൽകിയിട്ടുണ്ട്. ആദ്യഘട്ട പ്രോജക്ടുകൾ തയ്യാറാക്കി നിർവ്വഹണം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 23.03.2022 ന് ഉത്തരവിറങ്ങി.

- കൺവീനറുടെ പ്രവർത്തന റിപ്പോർട്ടിന്മേൽ അംഗങ്ങൾ അഭിപ്രായം രേഖപ്പെടുത്തി. മാർഗരേഖയുടെ ഉള്ളടക്കം സമഗ്രമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയതിനാൽ ഉള്ളടക്കത്തിൽ മികവും, മൗലികമായ വ്യത്യാസവും പുലർത്തുന്നുണ്ട് എന്ന് പൊതുവേ വിലയിരുത്തപ്പെട്ടു. അടുത്ത വർഷം പദ്ധതി രൂപീകരണ പ്രക്രിയ ജനുവരി പകുതിയോടെ തന്നെ പൂർത്തിയാക്കാൻ ശ്രദ്ധിക്കണം. സോഫ്റ്റ് വെയർ പ്രശ്നങ്ങൾ പരിഹരിക്കാൻ ഐ.കെ.എം.മായി ചർച്ച ചെയ്ത് നടപടിയെടുക്കണം. പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ മോണിട്ടർ ചെയ്യാൻ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകണം. ആസൂത്രണ സബ്സിഡി മാർഗരേഖകളിൽ ചേർക്കാൻ വിട്ടുപോയിട്ടുള്ള പ്രധാനപ്പെട്ട വിഷയങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് ഫീൽഡ് തലത്തിൽ നിന്ന് ശേഖരിക്കണമെന്ന നിർദ്ദേശം വന്നു. സുലേഖ ഫോറങ്ങളിൽ ചിലതിൽ ഇനിയും അപ്ഡേഷൻ വന്നിട്ടില്ല. ഇത് ഐ.കെ.എം. ശ്രദ്ധിക്കണം. 2022-23 വാർഷിക പദ്ധതി സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കണം. പ്ലാൻ മോണിട്ടറിംഗ് ഫലപ്രദമാക്കണം. ഡി.പി.സി കൾക്ക് മികച്ച രീതിയിൽ മോണിറ്ററിംഗ് നടത്താൻ കഴിയണം.

- ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്ക് മോണിട്ടറിംഗിന് വേണ്ട നിർദ്ദേശം നൽകിയിട്ടുള്ളതായി വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് അറിയിച്ചു. ഭൗതിക നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ശ്രമം ഈ വർഷം തുടങ്ങും. ക്വാളിറ്റേറ്റീവ് ആന്റ് ക്വാണ്ടിറ്റേറ്റീവ് ഇംപാക്ട് രേഖപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ട്.

- നിർമ്മാണ പ്രോജക്ടുകൾക്ക് അംഗീകാരവും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള സാമ്പത്തിക പരിധി വർദ്ധിപ്പിച്ചത് ഗുണപരമായ മാറ്റമാണെന്ന് പൊതുവെ വിലയിരുത്തപ്പെട്ടു. ഇതുവഴി നിർവ്വഹണം സമയബന്ധിതവും സുഗമമാക്കാനും കഴിയും. എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിംഗിലെ സ്റ്റാഫിന്റെ കുറവ് പരിഹരിക്കാൻ സർട്ടിഫൈഡ് കൺസ്ട്രക്ഷൻ പ്രൊഫഷണൽസിനെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവഴി പദ്ധതി നിർവഹണത്തിന്റെ വേഗത കൂട്ടാം. ഇത് സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കും.

2) തുടർന്ന് അജണ്ട ഇനങ്ങൾ ചർച്ച ചെയ്ത് താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

**1. വികസന ഫണ്ട് വിഹിതം പുതുക്കി നിശ്ചയിക്കൽ**

2022-23 വാർഷിക പദ്ധതിയിലെ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ താൽക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശം നൽകാനിടയായ സാഹചര്യം എസ്.ആർ.ജി. കൺവീനർ വിശദീകരിച്ചു.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരമാണ് സംസ്ഥാന ബഡ്ജറ്റിന്റെ അനുബന്ധം IV ൽ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ വിഹിതത്തിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുള്ളതായും സ്ഥിതി വിവര കണക്കുകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് ഒരവസരം നൽകണമെന്നും നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടു. ഈ വിഷയം സർക്കാർ പരിശോധിക്കുകയും സ്ഥിതി

വിവരകണക്കുകളിൽ ന്യൂനതയുണ്ടോ എന്ന് പരിശോധിച്ച് അവ കുറ്റമറ്റതാക്കാനുള്ള നടപടിക്ക് സർക്കാർ തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണ പ്രക്രിയ അടിയന്തിരമായി പൂർത്തിയാക്കേണ്ടതിനാൽ 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്, മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതത്തിൽ വകയിരുത്തിരിക്കുന്ന തുക 2020-21-ൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും അനുവദിച്ച വിഹിതത്തിന് ആനുപാതികമായി കണക്കാക്കി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നൽകി. ഇപ്രകാരം ഉൾപ്പെടുത്തി നൽകുന്ന താൽക്കാലിക വിഹിതം അടിസ്ഥാനമാക്കി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2022-23 വർഷത്തെ മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾക്ക് രൂപം നൽകാൻ നിർദ്ദേശിച്ചു.

വികസന ഫണ്ട് വിഹിതം പൂർണ്ണമായി വിഭജിച്ച് നൽകിയിട്ടില്ല. ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം വിഹിതം പൂർണ്ണമായി വിഭജിച്ച് നൽകുകയും ഇങ്ങനെ ലഭിക്കുന്ന വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് അവസരം നൽകുകയും വേണം. പ്രാദേശിക സാമ്പത്തിക വികസനം, അതിദരിദ്രരുടെ മൈക്രോപ്ലാൻ തയ്യാറാക്കലുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മുൻഗണന നൽകണം. ഫണ്ട് വിഭജിച്ച് നൽകുന്ന പ്രക്രിയ ഓഗസ്റ്റ് പകുതിയോടുകൂടി പൂർത്തിയാക്കുകയും സെപ്റ്റംബറിൽ വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് അവസരം നൽകാമെന്നും തീരുമാനിച്ചു. ഓഗസ്റ്റ് പകുതിയോടെ ഫണ്ട് വിഭജിച്ച് നൽകുന്ന പ്രക്രിയ പൂർത്തിയാക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് എസ്.ആർ.ജി ചെയർമാൻ ബഹു: ധന മന്ത്രിക്ക് കത്ത് അയയ്ക്കണം.

**ഇൻസെന്റീവ് ഗ്രാന്റ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ 2019-20-ൽ നിന്നും 2020-21 ൽ ഉണ്ടായ വർദ്ധനവ് അനുസരിച്ച് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും 15 ശതമാനം ഇൻസെന്റീവ് ഗ്രാന്റിൽ നിന്നുള്ള വിഹിതം ലഭിക്കും. തനത് ഫണ്ടിലെ വർദ്ധനവ് സംബന്ധിച്ച ഡാറ്റ ഐ.കെ.എം ൽ നിന്ന് ലഭിക്കുന്നതിന് അനുസരിച്ച് ഇതിന്മേൽ തുടർ നടപടി ഉണ്ടാകും.

**2. ആസ്തി രജിസ്റ്റർ കാലികമാക്കൽ**

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ആസ്തികളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിരുന്നു. ആ സ്ഥിതി വിവരക്കണക്കുകളിൽ ന്യൂനത ഉണ്ടോ എന്ന് പരിശോധിച്ച് അവ കുറ്റമറ്റതാക്കുന്ന പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. ഒപ്പം ആസ്തി രജിസ്റ്റർ കാലികമാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ വിഷയം യോഗത്തിൽ ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ശുപാർശകൾ സർക്കാരിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിക്കുകയും ചെയ്തു.

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തി രജിസ്റ്റർ കാലികമാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഇതിന്റെ രീതിശാസ്ത്രം നിശ്ചയിക്കുന്നതിനുമായി പ്രിൻസിപ്പൽ ഡയറക്ടർ ചെയർപേഴ്സണായി ഒരു കമ്മിറ്റിക്ക് രൂപം നൽകാവുന്നതാണ്.

2. കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.
   i. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസറ്റർ കാലികമാക്കുകയും ഡിജിറ്റൈസേഷൻ നടത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങളുടെ രീതിശാസ്ത്രം നിശ്ചയിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.
   ii. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം ഫണ്ട് വിഭജിച്ച് നൽകുന്നതിനുള്ള സഞ്ചിത വിവരശേഖരം കുറ്റമറ്റ രീതിയിൽ തയ്യാറാക്കുക.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ട് ഉപയോഗിച്ച് മറ്റ് നിർബന്ധിത വകയിരുത്തലുകൾ നടത്തേണ്ടി വരികയും (ജലജീവൻ മിഷൻ, അമൃത്, സ്മാർട്ട് സിറ്റി മുതലായവ) മറ്റ് വകുപ്പുകൾ തയ്യാറാക്കുന്ന പ്ലാൻ അനുസരിച്ച് ഇവ നിർവഹണം നടത്തേണ്ടിവരികയും ചെയ്യുന്നുണ്ട്. ഇതിനൊരു പരിഹാരം കണ്ടെത്തണമെന്ന് കൊച്ചിൻ കോർപ്പറേഷൻ മേയർ ആവശ്യപ്പെട്ടു.

**3. എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ**

സബ്സിഡി മാർഗ്ഗരേഖയിൽ എ.ബി.സി പ്രോഗ്രാം പ്രതിപാദിക്കുന്നില്ല എങ്കിലും പല തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

കാസർഗോഡ്, തിരുവനന്തപുരം ജില്ലകളിൽ ജില്ലാപഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തുകളും, ഗ്രാമപഞ്ചായത്തുകളും സംയുക്തമായി ജില്ലാ വെറ്റിനറി സെന്ററിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി, കുടുംബശ്രീയുടെ ഡോഗ് കാച്ചേഴ്സ് നെ ഉൾപ്പെടുത്തി എ.ബി.സി പ്രോഗ്രാം നടത്തി വരുന്നു. ആവശ്യത്തിന് വെറ്റിനറി സർജ്ജൻമാർ ഇല്ലെങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി മാർഗ്ഗരേഖ അടിയന്തിരമായി പുറപ്പെടുവിക്കണം.

**4. പതിനഞ്ചാം ധനകാര്യകമ്മീഷൻ അനുവദിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-26 ആണ് അവാർഡ് കാലയളവ്. 2021-22-ലെ ഹെൽത്ത് ഗ്രാന്റ് വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് കിട്ടിയെങ്കിലും ഇത് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.ഈ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖയുടെ ഏകദേശ രൂപരേഖ ആയിട്ടുണ്ട്. അടുത്ത 4 വർഷത്തേയ്ക്കുള്ള ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനുള്ള മാർഗരേഖ തുടർന്ന് തയ്യാറാക്കണം. കില ഡയറക്ടർ ജനറൽ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ നേതൃത്വത്തിലാണ് മാർഗരേഖ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം നടത്തുന്നത്. ഹെൽത്ത് ഗ്രാന്റ് പൂർണ്ണമായും ടൈഡ് ഗ്രാന്റാണ്. 6 സ്കീമുകൾക്കായിട്ടാണ് ഗ്രാന്റ് ലഭിക്കുന്നത്. നിർവഹണത്തിലേയ്ക്ക് പോകുമ്പോൾ ആദ്യ വർഷം ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാം. അതനുസരിച്ച് തുടർന്നുള്ള മാർഗ്ഗരേഖയിൽ മാറ്റങ്ങൾ വരുത്തേണ്ടി വരും.

**5. കൺസൾട്ടൻസി സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ**

i. പ്രാദേശിക സാമ്പത്തിക വികസനം സംബന്ധിച്ച ഡി.പി.ആർ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. പ്രാദേശിക വൈദഗദ്ധ്യം ഇല്ലാത്തതിനാൽ കൺസൾട്ടൻസി സർവ്വീസ് വേണ്ടി വരും. കൺസൾട്ടിംഗ് ഫീസ് നൽകുന്നതിനും ടെണ്ടറിനും പ്രൊവിഷൻ കണ്ടെത്തണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മറ്റ്

പ്രോജക്ടുകൾക്ക് കൂടി കൺസൾട്ടൻസി സർവ്വീസിനുവേണ്ടി കൺസൾട്ടൻസികളെ എംപാനൽ ചെയ്യണം. കൺസൾട്ടൻസി സേവനം പ്രയോജനപ്പെടുത്തുന്നതിനും കൺസൾട്ടന്റുമാരെ നിയോഗിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിശ്ചയിക്കണം. ഇത് സംബന്ധിച്ച് ചർച്ച ചെയ്ത് കരട് മാർഗ്ഗരേഖ എസ്.ആർ.ജി നൽകണം.

ii. തൊഴിൽ സഭകൾ ആഗസ്റ്റ് മാസം നടത്തുന്നതിനുള്ള ക്രമീകരണം ചെയ്യണം, മാർഗ്ഗരേഖ തയ്യാറാക്കണം.

**6. സ്വകാര്യ പങ്കാളിത്ത പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തൽ**

തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ നടത്തുന്ന പദ്ധതികൾക്കായുള്ള മാനദണ്ഡങ്ങൾ എസ്.ആർ.ജി യുടെ നേതൃത്വത്തിൽ രൂപപ്പെടുത്തണം.

**7. ഭൗതികനേട്ടങ്ങൾ ശേഖരിക്കുന്നതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തൽ**

പ്രോജക്ട് ചെലവ് ആവുമ്പോൾ തന്നെ ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്ന രീതി വേണം. ഉല്പാദന മേഖല, സേവന മേഖല എന്നിവയ്ക്ക് മുൻഗണന നൽകണം.

ഭൗതിക നേട്ടം രേഖപ്പെടുത്തുമ്പോൾ മാനദണ്ഡം, പരാമീറ്റർ എന്തൊക്കെ ഉൾപ്പെടുത്താം എന്നത് സംബന്ധിച്ച് ഐ.കെ.എം, ഡി.പി.ഡി, ചീഫ് എഞ്ചിനീയർ എന്നിവർ ചേർന്ന് ഒരു വർക്ക്ഷോപ്പ് നടത്തണം.

**8. മെയിന്റനൻസ് ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് ഇതുവരെ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ**

മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് 2004 മുതൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് കാലികമായി പുതുക്കി മാർഗ്ഗരേഖ തയ്യാറാക്കണം. തനത് ആസ്തിയുടെ മെയിന്റനൻസിനും അനുവാദം നൽകണം.

**9. സംരംഭകത്വ പ്രോത്സാഹനം – മാതൃകാ പ്രോജക്ടുകളുടെ സമാഹാരം തയ്യാറാക്കൽ**

പ്രാദേശിക ഉല്പന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രോജക്ട് വിശദാംശങ്ങൾ, മെഷീനറി, ചെലവ് ഉൾപ്പടെയുള്ള കാര്യങ്ങൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കാൻ എസ്.ആർ.ജി ഉദ്ദേശിക്കുന്നു. ഇതിനുള്ള പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ഇത് യോഗം അംഗീകരിച്ചു.

**10. പദ്ധതി നിർവ്വഹണ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ.**

i. മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും സ്റ്റാറ്റസ് റിപ്പോർട്ട് മികച്ച രീതിയിൽ അല്ല തയ്യാറാക്കുന്നത്. പഞ്ചായത്ത് വകുപ്പും തദ്ദേശഭരണ വകുപ്പും ഇത് ഫലപ്രദമായി മോണിറ്റർ ചെയ്യണം.

ii. വെറ്റിംഗും ടെക്നിക്കൽ സാങ്ഷനും വേഗത്തിലാക്കുന്നതിനും ഗ്രാമ, വാർഡ് സഭകൾ കൂടുന്നതിനുമുള്ള കലണ്ടർ തയ്യാറാക്കണം. വെറ്റിംഗ് ഓഫീസർമാർക്ക് പരിശീലനം നൽകണം.

iii. 2022-23 വാർഷിക പദ്ധതി സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനമെടുത്തു.

- ജൂലൈ 31 നകം വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ച് ആഗസ്റ്റ് പകുതിയോടെ വെറ്റിംഗ് പൂർത്തിയാക്കി നിർവഹണത്തിലേയ്ക്ക് കടക്കണം.

- അധികമായി ലഭിക്കുന്ന തുക ഉപയോഗിച്ച് സെപ്റ്റംബറിൽ പദ്ധതി ഭേദഗതി നടത്തണം.
- ഹെൽത്ത് ഗ്രാന്റിന്റെ ആദ്യവർഷ വിഹിതം ഉപയോഗിച്ചുള്ള പ്രോജക്ടുകൾ ഡി.പി.സി യുടെ അംഗീകാരം ഇല്ലാതെ സ്പെഷ്യൽ പ്രോജക്ട് എന്ന നിലയ്ക്ക് വെറ്റിംഗ് കഴിഞ്ഞ് നിർവഹണം തുടങ്ങുകയും പിന്നീട് റിവിഷൻ സമയത്ത് വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുകയും ചെയ്യണം

iv. വെറ്റിംഗ് ഓഫീസർമാർക്ക് പ്രത്യേക പരിശീലനം കില നൽകണം. വകുപ്പ് മേധാവികൾ ഇടപെട്ട് വെറ്റിംഗ് നടപടി കാര്യക്ഷമമാക്കാൻ ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ഉള്ള ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം.

v. പദ്ധതി സമർപ്പണത്തിനുള്ള ഐ.കെ.എം സോഫ്റ്റ് വെയറിൽ വരുന്ന പ്രശ്നങ്ങൾ ഉടനടി പരിഹരിക്കാനുളള നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിച്ചു.

**11. ജില്ലാ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ**

ജില്ലാ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം പല ജില്ലകളിലും കാര്യക്ഷമമല്ല. പ്ലാനിംഗ് ബോർഡ് ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തണം.

**12. മാർഗ്ഗരേഖയിൽ വരുത്തേണ്ട മാറ്റങ്ങൾ**

i. **വാഹനം** – മുനിസിപ്പൽ ചെയർമാൻമാർക്ക് വാഹനം വാങ്ങുന്നതിന് പരിധി 15 ലക്ഷമാക്കി ഉയർത്തണം

**ii. കൃഷി**

വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണ് എന്ന് പൊതുമാനദണ്ഡമാണ് സബ്സിഡി മാർഗ്ഗരേഖയിലുള്ളത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള ഉല്പാദന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുമ്പോൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഇതിൽ പങ്കാളികളാകാമെന്ന നിർദ്ദേശം ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കണം.

യോഗം ഉച്ചയ്ക്ക് 2.00 മണിക്ക് അവസാനിച്ചു.

യോഗത്തിന്റെ ഹാജർ ചുവടെ ചേർക്കുന്നു.

1) ഡോ. ജിജു.പി.അലക്സ്, മെമ്പർ വികേന്ദ്രീകൃതാസൂത്രണം & ചെയർമാൻ എസ്.ആർ.ജി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
2) ശ്രീ. എസ്.ആർ. സനൽകുമാർ, കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
3) ശ്രീമതി. ജോസഫൈൻ.ജെ, ചീഫ് വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
4) ശ്രീ. പ്രകാശൻ.കെ, ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ
5) ശ്രീമതി. എസ്. ജോസ്നമോൾ, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6) ശ്രീ. ജോൺസൺ.കെ, ചീഫ് എഞ്ചിനീയർ, LID & EW
7) ശ്രീമതി. സിന്ധു.വി, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, കുടുംബശ്രീ
8) ശ്രീ. എ.പ്രേംകുമാർ, ഫിനാൻസ് ഓഫീസർ, നഗരകാര്യ വകുപ്പ്.
9) ശ്രീമതി. സുധ.ഡി, ഡയറക്ടർ, കില-CHRD
10) അഡ്വ. എം. അനിൽകുമാർ, പ്രസിഡന്റ്, മേയേഴ്സ് കൗൺസിൽ, കേരള (ഓൺലൈൻ)
11) ശ്രീ. എം.കൃഷ്ണദാസ്, ചെയർമാൻ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമെൻ
12) ശ്രീ. ബി.പി.മുരളി, പ്രസിഡന്റ് , കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ

13) ശ്രീ. വി.പി.പി മുസ്തഫ, ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
14) ശ്രീ. സി.പി വിനോദ്, ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി
15) ശ്രീ. എം.സുരേശൻ, ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി
16) ശ്രീ. വിനോദ്കുമാർ.കെ, ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി
17) ശ്രീ. അനീഷ്.എ, പ്രോജക്ട് മാനേജർ, ഇൻഫർമേഷൻ കേരള മിഷൻ
18) പ്രൊഫ. പി.കെ രവീന്ദ്രൻ, എസ്.ആർ.ജി അംഗം
19) ശ്രീ. ടി.ഗംഗാധരൻ, എസ്.ആർ.ജി അംഗം
20) ശ്രീ. അനൂപ് കിഷോർ, എസ്.ആർ.ജി അംഗം
21) ശ്രീ. എസ്.ജമാൽ, എസ്.ആർ.ജി അംഗം
22) ശ്രീ. റ്റി.സുരേഷ്ബാബു, എസ്.ആർ.ജി അംഗം
23) ശ്രീ. എഡിസൺ.എസ്, എസ്.ആർ.ജി അംഗം
24) ശ്രീ. വിമൽകുമാർ.കെ.എൻ, എസ്.ആർ.ജി അംഗം
25) ശ്രീ. നന്ദകുമാർ.സി, എസ്.ആർ.ജി അംഗം
26) ശ്രീ. ശ്രീകുമാർ.റ്റി.എൽ, അസിസ്റ്റന്റ് ഡയറക്ടർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
27) ശ്രീ. അനൂഷ്.വൈ, സീനിയർ ക്ലർക്ക്, നഗരകാര്യ വകുപ്പ്.